# സ്കൂൾതല മാസ്റ്റർ പ്ലാൻ 2025 -26

**<u>കോക്ലിയാർ ഇമ്പ്ലാന്റ് ചെയ്ത കുട്ടികൾക്ക് വേണ്ടിയുള്ള പുനരധിവാസ പ്രവർത്തനങ്ങൾ</u>**

കോക്ലിയാർ ഇംപ്ലാന്റ് ചെയ്ത കുട്ടികൾക്ക് വേണ്ടിയുള്ള പുനരധിവാസ പ്രവർത്തനങ്ങൾ അവരുടെ അനുയോജ്യമായ പ്രായത്തിൽ നേടിയെടുക്കണം. പ്രവചനാതീതമായ മൂന്ന് ഘട്ടങ്ങളിൽക്കൂടി അവരുടെ സംസാരശേഷി വികസിപ്പിക്കാൻ തുടങ്ങാം.

**ലക്ഷ്യം**

*ശബ്ദങ്ങൾ ഉപയോഗിക്കുക അല്ലെങ്കിൽ വാക്കുകൾ അനുകരിക്കാൻ ശ്രമിക്കുക

* വാക്കുകൾ ഉപയോഗിക്കുക

*ഒന്നിലധികം വാക്കുകൾ ഉപയോഗിച്ച് ബന്ധിപ്പിക്കുക

**പ്രവർത്തനം**

വ്യാകരണം കുട്ടിയുടെ ആശയങ്ങൾ ഒരു മാറ്റവും ഇല്ലാതെ ശരിയായ വാക്യത്തിൽ ആവർത്തിച്ച് പറയുന്നു

**വിപുലീകരണം**

കുട്ടികൾ പ്രതികരിക്കുമ്പോൾ അവർ പറഞ്ഞ വാക്കിനോട് വാക്കുകൾ ചേർത്ത് പദാവലി വർദ്ധിപ്പിക്കുക

**ഹൈലൈറ്റ് ചെയ്യുക**

ഒരു പ്രത്യേക ശബ്ദത്തിന്/ വാക്കിന് പ്രാധാന്യം നൽകുന്നു. പ്രത്യേക പദത്തിന്റെ ശബ്ദം കൂട്ടി പറയാം, വാക്ക് നീട്ടി പറയാം.

**കാത്തിരിക്കാം**

കുട്ടിയുടെ പ്രതികരണത്തിനായി കാത്തിരിക്കാം . കൂടുതൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കാം. നമ്മൾ നിശബ്ദത പാലിക്കുക.

**കുട്ടികൾ സംസാരിക്കാൻ തുടങ്ങുന്നു**

ഒരു വാക്കു പറയാൻ പ്രോത്സാഹിപ്പിക്കുക കാത്തിരിക്കുക പന്തുരുളുമ്പോൾ പോകുക പോകുക എന്നതിനോട് പറയാൻ പ്രോത്സാഹിപ്പിക്കുക. നിങ്ങളുടെ കുട്ടി വാക്കുകൾ ഒരുമിച്ച് ചേർക്കാൻ തുടങ്ങിയാൽ കൂടുതൽ പറയാൻ പ്രോത്സാഹിപ്പിക്കുക. കാത്തിരിക്കുക.

**വാക്കുകൾ ബന്ധിപ്പിക്കുക**

വാക്കുകൾ കൂട്ടിച്ചേർത്ത് ചെറിയ വാചകമാക്കി പറയാൻ പ്രോത്സാഹിപ്പിക്കുക. വിവരിച്ചു പറയാൻ പ്രോത്സാഹിപ്പിക്കുക. വ്യാകരണം ശരിയാക്കാൻ സഹായിക്കുക

**സങ്കീർണമായ വാക്കുകൾ ഉപയോഗിക്കുക**

കുട്ടികളുടെ ആവശ്യകമായ കാര്യങ്ങൾ കൃത്യമായ വ്യാകരണത്തിൽ പറയുക. ഭൂതകാലം, വർത്തമാനകാലം, ഭാവികാലം എന്നിവ പറയാൻ പ്രേരിപ്പിക്കുക. സമയവുമായി ബന്ധപ്പെടുത്തി സംസാരിക്കാം

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കോക്ലിയാർ ഇംപ്ലാന്റ് കഴിഞ്ഞ കുട്ടികൾക്ക് | മുറിയുടെ പ്ലാനിങ്<br>കമ്പ്യൂട്ടർ<br>പ്രൊജക്ടർ | 1 വർഷം | | മുൻസിപാലിറ്റി |

| | | | | |
|---|---|---|---|---|
| പുനരധിവാസ<br>മുറിതയ്യാറാക്കൽ. | സ്ക്രീൻ<br>ചിത്രകാർഡ്<br>കഥ ചാർട്ട്<br>കുടുംബ ഫോട്ടോ<br>ന്യൂസ് പേപ്പർ<br>ലൈബ്രറി ബുക്ക്സ്<br>റൈറ്റിംഗ് ബോർഡ്<br>ചെയേഴ്സ്<br>ടേബിൾ<br>ഗെയിംസ് കിറ്റ്<br>ക്രാഫ്റ്റ് കിറ്റ്<br>ഗെയിം കിറ്റ് മേക്കിങ്<br>മോഡൽ കിറ്റ് | | | |
| പെയിന്റിംഗ് | ആകർഷകമായ ചുറ്റുപാടും ആകർഷകമായ ക്ലാസ് മുറികളും ആകർഷകമായ സ്കൂളും കുഞ്ഞുങ്ങളെ വളരെ സന്തോഷകരമായ ഒരു അവസ്ഥയിലേക്ക് നയിക്കുകയും പഠനം എളുപ്പമാക്കുകയും ചെയ്യും. അതിനാൽ തന്നെ സ്കൂൾ അങ്കണങ്ങളും സ്കൂൾ വരാന്തകളും ക്ലാസ് മുറികളും ചിത്രങ്ങൾ കൊണ്ടും പഠനോപകരണങ്ങൾ കൊണ്ടും മനോഹരമാക്കാൻതീരുമാനിച്ചു. ഏതെല്ലാം ഭാഗങ്ങളിൽ ഏതെല്ലാം ചിത്രങ്ങൾ വരണമെന്ന് ആദ്യം തീരുമാനിക്കുകയും കുഞ്ഞുങ്ങളുടെ പഠനത്തിന്റെ ആവർത്തനം സംഭവിക്കത്തക്ക | 2 വർഷം | | |

| | | | | |
|---|---|---|---|---|
| | രീതിയിൽ കുഞ്ഞുങ്ങൾ സ്കൂളിന്റെ പരിസരത്തേക്ക് ഇറങ്ങിയാലും ക്ലാസ് മുറികളിൽ ആയാലും അവർ പഠിച്ച കാര്യങ്ങൾ ഒന്നുകൂടി ഓർമ്മിച്ചെടുക്കാനും അതിന്റെ പ്രതിഫലനം എന്നോണം അവരുടെ വളർച്ചയുടെ പാതകളിൽ എന്നും മായാത്ത ചിത്രമായി അവരുടെ ഹൃദയത്തിൽ പതിയാനും വേണ്ടിയാണ് വളരെ മനോഹരമായ ഒരു പെയിന്റിങ്ങിനെ കുറിച്ച് സ്കൂൾ അധികൃതർ ചിന്തിച്ചത്.<br>കേൾവിപരിമിതരായ കുഞ്ഞുങ്ങളെ സംബന്ധിച്ചിടത്തോളം ആവർത്തനമായ കാഴ്ചയിലൂടെ അവരുടെ ഹൃദയപാളികളിൽ അറിവുകൾ സ്ഥിരപ്രതിഷ്ഠ നേടുകയും അതിലൂടെ അവർക്ക്പാഠഭാഗങ്ങൾ ഹൃദ്യസ്ഥമാക്കാൻ വളരെ എളുപ്പമാവുകയും ചെയ്യും. | | | |
| | **<u>വരാന്ത</u>**<br>വരാന്തയുടെ ഇരുവശങ്ങളിലെ ഭിത്തികളുടെ പകുതിഭാഗം ടൈൽസ് ഇടാനും ബാക്കി മുകളിലോട്ടുള്ള ഭാഗം ചിത്രങ്ങൾ കൊണ്ടും വാക്കുകൾ കൊണ്ടും മനോഹരമാക്കാനും തീരുമാനിച്ചു.<br>ക്ലാസ് മുറികൾ, പ്രീസ്കൂൾ വാൾ ഡെക്കറേഷൻ, ക്ലാസ് റൂം ഭിത്തികളിൽ പൂമ്പാറ്റകൾ, പൂക്കൾ, സസ്യങ്ങൾ, പുഴകൾ, കാടുകൾ, സ്ഥിരപരിചിതമായ | | | |

| | | | | |
|---|---|---|---|---|
| | കഥാപാത്രങ്ങൾ, വിവിധ ജീവികൾ എന്നിങ്ങനെ കുഞ്ഞുങ്ങളോട് സംവദിക്കുന്ന രീതിയിലുള്ള ചിത്രങ്ങൾക്കും കഥാപാത്രങ്ങൾക്കും പ്രാധാന്യം നൽകുന്നു.<br>**പ്രൈമറി ക്ലാസ് റൂം**<br>പ്രൈമറി ക്ലാസിന്റെ പാഠഭാഗത്തിലെ കഥകളുമായി ബന്ധിപ്പിക്കുന്ന ചിത്രങ്ങൾ, പഠന അനുഭവങ്ങൾ, ലഘുവായ ഗണിത രൂപങ്ങൾ, വിവിധ ആശയങ്ങൾ രൂപപ്പെടുത്താൻ പറ്റുന്ന ചിത്രങ്ങൾ കുട്ടികൾക്ക് ചിത്രം വരയ്ക്കാനായി ഒഴിച്ചിട്ട ഒരു ഭാഗം ഈ രീതിയിലായിരിക്കണം ക്ലാസ് റൂം.<br>**ഹൈസ്കൂൾ**<br>വിഷയബന്ധിതമായ ചിത്രങ്ങൾ, പേരുകൾ, ചിന്തോദ്ദീപകങ്ങളായ ആശയങ്ങൾ ജനിപ്പിക്കുന്ന ചിത്രങ്ങൾ,  മഹാന്മാരായ വ്യക്തികൾ, സയൻസ് ,സാമൂഹ്യശാസ്ത്രം, ഗണിതം എന്നിവയുമായി ബന്ധപ്പെട്ട വിവിധ പഠനോപകരണങ്ങൾ, ശാസ്ത്രജ്ഞന്മാർ, ചരിത്രകാരന്മാർ എന്നിവരുടെ ചിത്രങ്ങൾ ഉണ്ടായിരിക്കണം.<br>**സ്കൂൾപടികൾ**<br>സംഖ്യകളിൽ നിന്നും സംഖ്യകളിലേക്ക് വിഷയബന്ധിതമായ രൂപങ്ങൾ, മട്ടം, പ്രൊട്ടക്റ്റർ, വൃത്തങ്ങൾ, സമചതുരം, ത്രികോണം, ബഹുഭുജങ്ങൾ | | | |

| | | | | |
|---|---|---|---|---|
| ഓഡിയോളജി റൂം നവീകരണം | എന്നിവ ഉണ്ടായിരിക്കണം.<br>**വരാന്തകൾ**<br>ലൈബ്രറി ബുക്കിന്റെ ചിത്രങ്ങൾ, വിദഗ്ധരായ ശാസ്ത്രജ്ഞൻമാർ, രാഷ്ട്രശില്പികൾ എന്നിവ വേണം.<br>**മൈതാനം**<br>മഴവില്ല് അതാത് കോൺ അളവിൽ പ്രദർശിപ്പിക്കുന്നു. ഭൂപടങ്ങൾ, മഴമാപിനി, അന്തരീക്ഷ മർദ്ദം അളക്കുന്ന ഉപകരണങ്ങൾ, മർദ്ദമാപിനി എന്നിവ ആവശ്യമാണ്.<br>**പാർക്ക്**<br>പാഴ്വസ്തുക്കൾ ഉപയോഗിച്ച് വിവിധ മാതൃകകൾ (വിഷയബന്ധിതം), ജൈവ ഉദ്യാനം, കുളം, ഫലവൃക്ഷങ്ങൾ എന്നിവയാൽ സമ്പുഷ്ടമാക്കുന്നു.<br>എസി ,ഭിത്തി, നിലം എന്നിവയുടെ നവീകരണം<br>ഓഡിയോ മീറ്റർ മാറ്റി വാങ്ങൽ | | | |
| ദശമാസ പ്രവർത്തനങ്ങൾ | ഈ അധ്യയന വർഷത്തിന്റെ തുടക്കത്തിൽ അവധിക്കാല അധ്യാപക പരിശീലന സമയത്ത് അധ്യാപകർ ഒന്നു ചേർന്ന് കൂടിയാലോചിച്ച് 10 മാസങ്ങൾക്കു വേണ്ടി ദശമാസ പ്രവർത്തനങ്ങൾ രൂപീകരിക്കുകയും അത് സ്കൂളുകളിൽ പ്രാവർത്തികമാക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നു | | | |

| | | | | |
|---|---|---|---|---|
| മയിൽപീലി & ചതുരക്കളി<br><br><br><br><br><br><br><br><br><br><br><br><br><br><br>ഇംഗ്ലീഷ് ഡിക്ഷണറി | **ജൂൺ മാസം**<br>ഒന്നു മുതൽ 10 വരെ ക്ലാസുകളിൽ മയിൽപ്പീലിപുസ്തകം തയ്യാറാക്കുക. മയിൽപീലി വരച്ച് വാക്കുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുക. മയിൽപീലിയിൽ എഴുതിയ വാക്കുകൾ ബുക്കിൽ എഴുതി സൂക്ഷിക്കുക. പത്താം ക്ലാസ് ആകുമ്പോഴേക്കും ഒരു കുട്ടിക്ക് എത്രമാത്രം വാക്കുകൾ അറിയാം എന്നുള്ളതിന്റെ ഒരു റെക്കോർഡ് ആയി കുട്ടികളിൽ ഈ ബുക്ക് ഉണ്ടായിരിക്കണം. കളിയോടൊപ്പം പഠനം എന്ന വസ്തുതയെ വിലയിരുത്തിക്കൊണ്ട് പദപരിചയം വളർത്തുന്നതിനായി ചതുര കളി ചതുര പേപ്പറിൽ വിവിധ ചിത്രങ്ങൾ നൽകി ചതുര കട്ടയിലും അതേ ചിത്രങ്ങൾ ഒട്ടിക്കുന്നു. ചിത്രങ്ങൾ ചതുര പേപ്പറിലെ ചിത്രങ്ങളുമായി താരതമ്യം ചെയ്ത് പഠിക്കാൻ അവസരം ഒരുക്കുന്നു<br>**ജൂലായ്**<br><br>ഒരു ദിവസം കുട്ടികൾക്ക് ഒരു ഇംഗ്ലീഷ് പദം പഠിക്കാൻ അവസരമൊരുക്കുന്നു. ഇംഗ്ലീഷ് അക്ഷരമാല ക്രമത്തിൽ പദങ്ങൾ ബുക്കിൽ എഴുതാനും അതിന്റെ അർത്ഥവും ചിത്രവും ശേഖരിക്കാൻ കഴിയുന്നു. പത്താം ക്ലാസ് വരെ എത്തുമ്പോഴേക്കും എത്ര പദം പഠിച്ചു എന്ന് | | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| എന്റെ ഇന്ത്യ<br><br>ടോക്കിങ് ഹാൻസ്<br><br>രുചിമേള<br><br>കരകൗശല വസ്തുക്കളുടെ പ്രദർശനം | കൃത്യമായ ബോധ്യം ലഭിക്കുന്നു.<br><br>**ആഗസ്റ്റ്**<br>ഇന്ത്യയുടെ ചരിത്രം ബോധ്യപ്പെടുക, സ്വാതന്ത്ര്യസമര സേനാനികളെക്കുറിച്ചുള്ള സ്നേഹവും ബഹുമാനവും വളർത്തുക, ഇന്ത്യൻ സംസ്കാരത്തെ ബഹുമാനിക്കുക തുടങ്ങിയ ഉദ്ദേശങ്ങളോടെ നടത്തുന്ന പരിപാടി.<br>ഫ്ലാഷ് മോബ് , ടാബ്ലോ , ദേശഭക്തിഗാനം, സന്ദേശം ,ആശംസകൾ<br>**സെപ്റ്റംബർ**<br>ദേശീയ ഗാനം, ദേശഭക്തിഗാനം എന്നിവ ഇന്ത്യൻ ആംഗ്യഭാഷയിൽ മറ്റു പൊതുസ്ഥലങ്ങളിൽ അവതരിപ്പിക്കുന്നു<br>**ഒക്ടോബർ**<br>ഭക്ഷ്യ ദിനത്തോടനുബന്ധിച്ച് ഭക്ഷ്യമേള നടത്തുന്നു. വിവിധ ആഹാരസാധനങ്ങളുടെ നിർമ്മാണം, പ്രദർശനം, പാചക മത്സരം , അവതരണം.<br><br>**നവംബർ**<br>പ്രവർത്തി പരിചയമേളയോട് അനുബന്ധിച്ച് നിർമിച്ച വിവിധ കരകൗശല വസ്തുക്കളുടെ പ്രദർശനം, വിപണനം | | | |

| | | | | |
|---|---|---|---|---|
| | നവീന കൃഷി രീതികൾ പരിചയപ്പെടാൻ ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിങ്ങ് എന്നിവയുടെ പ്രദർശനം. എന്റെ ചെടി എന്ന പേരിൽ കുട്ടികൾ സ്വയം നട്ട ചെടികളുടെ പ്രദർശനം. | | | |
| യുറേക്ക<br><br>കുതിപ്പ്<br><br>പ്രതിഭയോടൊപ്പം | **ഡിസംബർ**<br>സയൻസ്  ലാബിലെ ഉപകരണങ്ങളുടെ പ്രദർശനം ,പരിചയപ്പെടൽ, കൗതുകമുളവാക്കുന്ന ചെറിയ പരീക്ഷണങ്ങൾ, നിത്യോപയോഗ വസ്തുക്കൾ ഉപയോഗിച്ച് രാസപരീക്ഷണം, ശൂന്യാകാശവുമായി ബന്ധപ്പെട്ട  പഠനം.<br>**ജനുവരി**<br>കായിക ദിനാചരണം , സംസ്ഥാന സ്പോർട്സ് കലോത്സവ പ്രവർത്തി പരിചമേള എന്നിവയിൽ വിജയികളായവരെ അനുമോദിക്കൽ, ബൈക്ക് റാലി, അനൗൺസ്മെന്റ് , സമ്മാനവിതരണം.<br>**ഫെബ്രുവരി**<br>സ്കൂൾ പരിസരത്തുള്ള മികച്ച വ്യക്തിത്വത്തെ ആദരിക്കുന്നു. ആ വ്യക്തിയോട് കൂടി ഒരു ദിവസം ചിലവഴിക്കാൻ കുട്ടികൾക്ക് അവസരം ഒരുക്കുന്നു. സംവദിക്കുന്നു. | | | |

| | | | | |
|---|---|---|---|---|
| മികവുത്സവം | **മാർച്ച്**<br>പത്തുമാസ പഠനപ്രവർത്തനങ്ങളുടെ ഫലമായി കുട്ടികളിൽ വന്ന മാറ്റങ്ങൾ ഉത്സവമായി ആഘോഷിക്കുന്നു | | | |
| ആരോഗ്യ കായിക വിദ്യാഭ്യാസം | കായിക പ്രവർത്തനങ്ങളിലൂടെയും കളികളിലൂടെയും മാനസികോത്സാഹവും ശാരീരിക ആരോഗ്യവും വ്യക്തിയിലും പൊതുസമൂഹത്തിലും ഉറപ്പാക്കുക എന്നതാണ് ആരോഗ്യകായിക പഠനത്തിന്റെ പ്രധാന ലക്ഷ്യം. ജീവിതശൈലി രോഗങ്ങളെ പ്രതിരോധിക്കാനും കളികളിൽ പങ്കെടുക്കുവാനും ആസ്വദിക്കുവാനും സാമൂഹിക സാംസ്കാരിക ഐക്യം സൃഷ്ടിക്കാനും കുട്ടികളെ സജ്ജരാക്കാൻ ആരോഗ്യ കായിക പഠനത്തിലൂടെ സാധിക്കും. ഭാഷാ വിഷയങ്ങൾ പോലെ ആരോഗ്യ കായിക വിദ്യാഭ്യാസവും പ്രാധാന്യമുള്ളതാണ്. ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാകൂ. ഈ തത്വം മുൻനിർത്തി കായിക വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകേണ്ടതുണ്ട്. | അധ്യാപകർ | | |
| സർഗ്ഗവേദി | ആഴ്ചയിലൊരിക്കൽ സർഗ്ഗവേദി എല്ലാ ക്ലാസ്സുകളിലും | | | |

| | | | | |
|---|---|---|---|---|
| | നടത്തുന്നു. എല്ലാ കുട്ടികളെയുംപങ്കെടുപ്പിക്കുന്നു. സ്കൂളിൽ കലാ മത്സരങ്ങളും കായിക മത്സരങ്ങളും സംഘടിപ്പിക്കുന്നു. ചിത്രരചനയെ പ്രോത്സാഹിപ്പിക്കുന്നു. പരിശീലനം നൽകുന്നു ജില്ലാ സംസ്ഥാന ദേശീയ തലങ്ങളിൽ നടക്കുന്ന മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു. | | | |
| | ചെറിയ ക്ലാസുകളിൽ എല്ലാ ദിവസവും ഒരു മണിക്കൂർ കളികളും വലിയ ക്ലാസുകളിൽ ആഴ്ചയിൽ രണ്ടുമണിക്കൂർ കളികളും നടത്തുന്നു. ആഴ്ചയിൽ മൂന്ന് ദിവസം അസംബ്ലിയിൽ വ്യായാമം നടത്തുന്നു. സ്പോർട്സ് ക്ലബ് രൂപീകരിക്കുന്നു. എല്ലാവർക്കും അംഗങ്ങളാകാൻ അവസരം നൽകുന്നു. സ്പോർട്സ് കിറ്റ് സജ്ജമാക്കുന്നു. അവധി ദിനങ്ങളിൽ കായിക പരിശീലനം നൽകുന്നു. ജില്ലാ സംസ്ഥാന ദേശീയ തലങ്ങളിൽ വിജയികളായവരെ ട്രോഫി നൽകി ആദരിക്കുകയും അനുമോദിക്കുകയും ചെയ്യുന്നു | | | |
| **ഐസിടി**<br><br>ഡിജിറ്റൽ ലോകം | ഡിജിറ്റൽ സാക്ഷരതാ രക്ഷിതാക്കൾക്കും കുട്ടികൾക്കും. കമ്പ്യൂട്ടറിന്റെ പ്രവർത്തനരീതി നെറ്റ്‌വർക്ക് ഉപയോഗം മൊബൈൽ നെറ്റ്‌വർക്ക് പരിചയപ്പെടുത്താൻ ബ്രൗസറുകളിലൂടെ | | | |

| | | | | |
|---|---|---|---|---|
| ഐടി ക്ലബ് രൂപീകരണം | വിവരശേഖരണം<br><br>കമ്പ്യൂട്ടർ പ്രവർത്തനങ്ങളോട് ആഭിമുഖ്യമുള്ള കുട്ടികളെ തിരഞ്ഞെടുത്ത് ഐടി ക്ലബ് രൂപീകരിക്കുക, കമ്പ്യൂട്ടറിന്റെ ഹാർഡ് വെയർ പരിചയപ്പെടൽ, മലയാളത്തിലും ഇംഗ്ലീഷിലും ടൈപ്പ് ചെയ്യാനുള്ള കഴിവ് നേടുക ജികോംപ്രസ്സ് , ടൈപ്പിംഗ് ട്യൂട്ടർ മുതലായവയിലൂടെ ടൈപ്പിംഗ് പരിശീലനം. കീബോർഡ് ഉപയോഗിച്ചുള്ള പരിശീലനം. | | | |
| e- റീഡിങ്<br>e- ലേണിങ് | ഓരോ ദിവസത്തെയും പ്രധാന വാർത്തകൾ വായിച്ചെഴുതുന്നു. പവർ പോയിന്റ് പ്രസന്റേഷനിലൂടെ കാര്യങ്ങൾ നിർമ്മിക്കുന്നതിനും അവതരിപ്പിക്കുന്നതിനുള്ള കഴിവ് വിവരസാങ്കേതികവിദ്യ നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തുക, ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ്, ഓൺലൈൻ അപേക്ഷ, ബയോഡേറ്റ തയ്യാറാക്കൽ, ഇന്റർനെറ്റ് ബാങ്കിംഗ്, വിവിധ ബില്ലുകൾ, ഗൂഗിൾ മാപ്പ് എന്നിവയുടെ പ്രാധാന്യം മനസിലാക്കുന്നു. | | | |
| പ്രവർത്തി പരിചയം | വൈകാരികവും വൈജ്ഞാനികവുമായ മേഖലകളുടെ സമന്വയവും വികാസവും സാധ്യമാക്കുന്നതിന് | | | |

| | | | | |
|---|---|---|---|---|
| | പ്രവർത്തി പരിചയ വിദ്യാഭ്യാസം അനിവാര്യമാണ് .ഓരോ പ്രവർത്തി പഠന ക്ലാസിന്റെയും അടിത്തറ മാനവ ശേഷി വികസനം ആയിരിക്കണം. എല്ലാ പൗരന്മാരുടെ ശേഷികളും കഴിവുകളും രാഷ്ട്ര നിർമ്മാണത്തിന് ഉതകുന്ന രീതിയിൽ വളർത്തിയെടുക്കുക എന്നാണ് മാനവിശേഷി വികസനം കൊണ്ട് ഉദ്ദേശിക്കുന്നത്. തൊഴിൽ ആഭിമുഖ്യം ഉള്ളതും തൊഴിൽ ചെയ്യുന്നവരെ ആദരിക്കുന്നതും സാമൂഹ്യബോധമുള്ള ഒരു പുതിയ സംസ്കാരത്തിന്റെ വക്താക്കളാക്കി പുതിയ ഒരു തലമുറയെ വാർത്തെടുക്കുന്നതും പ്രവർത്തി പഠനത്തിന്റെ സുപ്രധാന ലക്ഷ്യങ്ങളാണ്. കലാപഠനത്തിനും പ്രവർത്തി പഠനത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് വേണം പാഠ്യപദ്ധതി വിനിമയം ചെയ്യേണ്ടത് . ഇവയുടെ തനത് സാധ്യതകൾ നിലനിർത്തുന്നതിനൊപ്പം വ്യത്യസ്ത വിഷയങ്ങളുമായി ഉദ്ഗ്രഥിച്ചും വിനിമയം ചെയ്യേണ്ടത് ആവശ്യമാണ്.<br>**വിവിധ പ്രവർത്തി പരിചയങ്ങൾ**<br>കയർ ഉപയോഗിച്ച് കൊണ്ടുള്ള ചവിട്ടി നിർമ്മാണം, ചന്ദനത്തിരി നിർമ്മാണം, എംബ്രോയിഡറി, ഉടുപ്പ് നിർമ്മാണം, വെജിറ്റബിൾ പ്രിൻറിംഗ്, കുട നിർമ്മാണം, മുള കൊണ്ടുള്ള ഉൽപ്പന്നങ്ങൾ, | | | |

| | | | | |
|---|---|---|---|---|
| | ബാഗ് നിർമ്മാണം, നെറ്റ് മേക്കിങ് , വുഡ് കാർവിങ്, മെറ്റൽ എൻഗ്രേവിംഗ്, കക്ക കൊണ്ടുള്ള ഉൽപ്പന്നങ്ങൾ, വേസ്റ്റ് മെറ്റീരിയൽ, പേപ്പർ ക്രാഫ്റ്റ്,കോറഗ്രാസ് ഉൽപ്പന്നങ്ങൾ, കാർഡ്ബോർഡ് & സ്റ്റോ ബോർഡ് ഉൽപ്പന്നങ്ങൾ, മുത്തു കൊണ്ടുള്ള ഉൽപ്പന്നങ്ങൾ തുടങ്ങി നിരവധി പ്രവർത്തനങ്ങൾക്ക് പരിശീലനം നല്കുന്നു. | | | |
| സോളാർ പാനൽ | വർദ്ധിച്ചുവരുന്ന വൈദ്യുതി കുറയ്ക്കാനും പരിസ്ഥിതി സംരക്ഷണത്തിനും ഏറ്റവും നല്ലത് സോളാർ പാനൽ ആണ് എന്ന ബോധ്യം ലഭിക്കുന്നു. വൈദ്യുതിയുടെ അമിതോപയോഗം കുറയ്ക്കുക, വൈദ്യുതി അനാവശ്യ ചെലവ് കുറയ്ക്കുക, ഗണ്യമായ അളവിൽ വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കുക.<br><br>പരിസ്ഥിതി സംരക്ഷണം<br>പരിസ്ഥിതി സുസ്ഥിരതയ്ക്ക് തടസ്സമില്ലാത്ത വൈദ്യുതി വിതരണം ഉറപ്പാക്കാം.<br>കമ്പ്യൂട്ടർ, ലാപ്ടോപ്പ്, പ്രൊജക്ടർ, ടിവി, ഓഡിയോമീറ്റർ മുതലായ പ്രവർത്തിപ്പിക്കാൻ.<br>പരിസ്ഥിതിസൗഹൃദം ആക്കുന്നതിന്റെ പ്രാധാന്യം ബോധ്യപ്പെടാൻ. ചിലവ് ചുരുക്കാനും വൈദ്യുതി | | | |

| | | | | |
|---|---|---|---|---|
| | കുറയ്ക്കാനും. | | | |